# HIGHER SECONDARY MODEL EXAM-2011

## JOURNALISM

**HSE-II** **Marks-60**

**Time- 2.15 hrs**

1. A guest lecturer representing a reputed print media offered a speech for the whole students in your school. He stated that technological development brought vast changes in the process of editing in print media. Summarize his speech. (4)

   ഒരു പ്രമുഖ ദിനപത്രത്തിന്റെ പ്രതിനിധി നിങ്ങളുടെ സ്കൂളിലെ മുഴുവൻ കുട്ടികൾക്കുമായി ഒരു ക്ലാസ് നടത്തി. സാങ്കേതിക വിദ്യ ദിനപത്രങ്ങളുടെ എഡിറ്റിംഗിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തിയതായി അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ വിഷയവുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ സംഗ്രഹിക്കുക.

2. Beyond glamour and education an anchor person should have certain other qualities to perform well in his/her tasks. List out at least 5 such qualities. (5)

   സൗന്ദര്യം, വിദ്യാഭ്യാസം എന്നീയോഗ്യതകൾക്കപ്പുറം ഒരു വാർത്താ അവതാരകയ്ക്ക് / അവതാരകന് തന്റെ രംഗത്ത് ശോഭിക്കാൻ മറ്റുചില യോഗ്യതകൾ അത്യന്താപേക്ഷിതമാണ്. അത്തരം ഏതെങ്കിലും 5 യോഗ്യതകൾ എഴുതുക.

3. Given below are some terms related with Print Media, Radio, Television and New Media. Write a table and put the correct terms under the respective title. (6)

   Frequency Modulation, Advertorial, teleprompter, homepage, console, uplink, jump line, hit, jockey, flag, search engine, camcorder

   ദിനപത്രം, റേഡിയോ, ടെലിവിഷൻ, ന്യൂമീഡിയ തുടങ്ങിയ മാധ്യമമേഖലകളുമായി ബന്ധപ്പെട്ട ചില സാങ്കേതിക പദങ്ങളാണ് താഴെകൊടുത്തിട്ടുള്ളത്. ഒരു ടേബിൾ വരച്ച് പേരുകൾ കൃത്യമായി അതാത് വിഭാഗത്തിന് കീഴിൽ എഴുതുക.

4. In the present time scenario the news channels in Kerala put forward Breaking News in every hour. In your opinion what kind of news would get the status of breaking news? (3)

   കേരളത്തിലെ ന്യൂസ് ചാനലുകൾ ഓരോ മണിക്കൂറിലും ബ്രേക്കിംഗ് ന്യൂസ് എന്ന പേരിൽ വാർത്തകൾ നൽകുന്ന അവസ്ഥയാണ് ഇന്നുള്ളത്. നിങ്ങളുടെ അഭിപ്രായത്തിൽ ഏത് രീതിയിലുള്ള വാർത്തകളാണ് ബ്രേക്കിംഗ് ന്യൂസായി പരിഗണിക്കേണ്ടത്?

5. A group of high school students from Delhi has visited your school as part of their study tour in Kerala. As the editor of the lab journal in your school you are asked to explain briefly about the recent trends in Malayalam Journalism. What will be your points (4)

ഞങ്ങളുടെ കേരള സന്ദർശനത്തിന്റെ ഭാഗമായി ഡൽഹിയിൽ നിന്നുള്ള ഒരു കൂട്ടം ഹൈസ്കൂൾ വിദ്യാർത്ഥികൾ നിങ്ങളുടെ സ്കൂൾ സന്ദർശിക്കാനിടയായി. നിങ്ങളുടെ സ്കൂളിലെ ലാബ് ജേർണലിന്റെ എഡിറ്റർ എന്ന നിലയിൽ ‘മലയാള പത്രപ്രവർത്തനത്തിലെ വർത്തമാനകാലപ്രവണതകൾ’ എന്ന വിഷയത്തെക്കുറിച്ച് അവരോട് വിശദീകരിക്കാൻ നിങ്ങളോടാവശ്യപ്പെട്ടാൽ എന്തൊക്കെയായിരിക്കും നിങ്ങൾ നിരത്തുന്ന പോയിന്റുകൾ?

6. What are the different types of translation? Explain in the context of Malayalam to English translation. (5)

വിവിധ തരത്തിലുള്ള തർജ്ജമകൾ ഏതെല്ലാം? ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കുള്ള തർജ്ജമയുമായി ബന്ധപ്പെട്ടാണ് ഉത്തരമെഴുതേണ്ടത്.

7.




In which category the above advertisements belong? What are the specialties of the message in such ads? (2)

മുകളിൽ കൊടുത്തിട്ടുള്ള പരസ്യം ഏതുവിഭാഗത്തിൽപ്പെടുന്നു. അത്തരം പരസ്യങ്ങളിലെ സന്ദേശങ്ങളുടെ പ്രത്യേകത എന്താണ്?

8. Explain the structure of an advertising agency with the help of a flow chart. (4)

ഒരു ഫ്ളോചാർട്ടിന്റെ സഹായത്തോടെ ഒരു അഡ്വർടൈസിംഗ് ഏജൻസിയുടെ ഘടന വ്യക്തമാക്കുക.

9. One of your friends asked about the recent comments made by Press Council of India on paid news. How will you give a clear idea about paid news to him? (3)

പെയ്ഡ് ന്യൂസുമായി ബന്ധപ്പെട്ട് പ്രസ്സ് കൗൺസിൽ ഓഫ് ഇൻഡ്യ ചെയർമാൻ ഈയിടെ നടത്തിയ അഭിപ്രായങ്ങളെക്കുറിച്ച് നിങ്ങളുടെ സുഹൃത്ത് നിങ്ങളോട് ചോദിച്ചുവെന്ന് കരുതുക. പെയ്ഡ് ന്യൂസ് എന്നാൽ എന്താണെന്ന് സുഹൃത്തിനോട് നിങ്ങൾ എങ്ങനെ വിശദമാക്കും?

10. “Agriculture is the primary sector which affects the development of a nation”. Based on this statement prepare a speech to deliver it on the inauguration of the agricultural club of your school giving importance to agricultural reporting. ( 3)

'ഒരു രാജ്യത്തിന്റെ വികസനത്തിൽ കാർഷികമേഖലക്ക് പ്രധാനമായൊരു പങ്കുണ്ട്.' ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ സ്കൂളിലെ അഗ്രികൾച്ചർ ക്ലബ്ബിന്റെ ഉദ്ഘാടനത്തിന് അവതരിപ്പിക്കുവാൻ അഗ്രികൾച്ചറൽ റിപ്പോർട്ടിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു പ്രസംഗം തയ്യാറാക്കുക.

11. A PRO has multifaceted tasks to perform in his duty. Explain. (5)

ഒരു പബ്ലിക് റിലേഷൻസ് ഓഫീസർക്ക് തന്റെ കർത്തവ്യത്തിനിടയിൽ ബഹുമുഖമായ ചുമതലകൾ നിർവഹിക്കാനുണ്ട്. വ്യക്തമാക്കുക.

12. Give a suitable caption and cutline for the following photograph. (4)

താഴെകൊടുത്തിട്ടുള്ള ചിത്രത്തിന് അനുയോജ്യമായ ക്യാപ്ഷനും കട്ലൈനും നൽകുക.



13. A press photographer is a reporter also. Give your opinion about this statement (4)

ഒരു പത്രഫോട്ടോഗ്രാഫർ ഒരു റിപ്പോർട്ടർ കൂടിയാണ്. ഈ പ്രസ്താവനയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എഴുതുക.

14. You are the leader of the 5 member team who are assigned to make a television programme on the Need of a Plastic Free World. As the leader you have to explain others about the different stages production. Write your plan in detail. (6)

'പ്ലാസ്റ്റിക് രഹിത ലോകം' എന്ന വിഷയത്തെക്കുറിച്ച് ഒരു ടെലിവിഷൻ പ്രോഗ്രാം നിർമ്മിക്കാൻ ചുമതലപ്പെട്ട ടീമിന്റെ ലീഡറാണ് നിങ്ങൾ. നിർമ്മാണ് ഘട്ടത്തിലെ വിവിധ വശങ്ങളെക്കുറിച്ച് മറ്റുള്ളവരെ ബോധ്യതപ്പെടുത്തേണ്ടത് നിങ്ങളാണ്. അവരോട് പറയുവാനുദ്ദേശിക്കുന്ന കാര്യങ്ങളുടെ ഒരു നോട്ട് തയ്യാറാക്കുക.

15. An advertisement is also said to be a source of information. How? (2)

ഒരു പരസ്യം വിവരങ്ങൾ പകർന്നു നൽകുന്ന ഉറവിടം കൂടിയാണ്. എങ്ങനെ?